പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1443

07.06.2018-ൽ
മറുപടിയ്ക്ക്

## എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല

*ചോദ്യം*
ശ്രീ.അബ്ദുൽ ഹമീദ് പി.

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നിന്നും പഠനം പൂർത്തിയാക്കിയ ആദ്യ ബാച്ച് എന്ന് പുറത്തിറങ്ങിയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ 2015-16 അധ്യയന വർഷം മുതൽക്കാണ് അഫിലിയേറ്റ് ചെയ്ത കോളേജുകളിലേക്ക് വിദ്യാർത്ഥി പ്രവേശനം നടത്തിയത്. സർവ്വകലാശാലയിൽ നിന്നും ബി.ടെക് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ 2019-ലാണ് പുറത്തിറങ്ങുന്നത്. 2017 ജൂലൈ -ൽ എം.ടെക് പഠനം പൂർത്തിയാക്കിയവരിൽ യോഗ്യരായ വിദ്യാർഥികൾക്ക് സർവ്വകലാശാല പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |
| (ബി) | വിജയകരമായി പഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഇവിടെ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തത് കാരണം ഉപരിപഠനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത യൂണിവേഴ്സിറ്റിയിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അടിയന്തിരമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജൂലൈ 2017-ൽ എം.ടെക് പഠനം പൂർത്തിയാക്കിയവരിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സത്വര നടപടികൾ സർവ്വകലാശാല കൈക്കൊണ്ടു വരികയാണ്. |

Sd/-

സെക്ഷൻ ഓഫീസർ